**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5950** **09-11-2021 - ൽ മറുപടിയ്ക്ക്**

**ചോയി മഠം കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | വേളം ഗ്രാമ പഞ്ചായത്തിലെ ചോയി മഠം കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ; | (എ) | പ്രസ്തുത കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിലവിൽ പദ്ധതികൾ ഇല്ല. എന്നാൽ കുടിവെള്ളത്തിനായി എം.പി.ലാഡിൽ തുക അനുവദിച്ചിരുന്നു. എം.പി.ഫണ്ടിന്റെ പരിമിതി മൂലം പദ്ധതി പ്രവൃത്തി ആരംഭിച്ചിട്ടില്ല. കോളനിയിൽ യാത്രാസൗകര്യത്തിനുവേണ്ടി ഗതാഗതയോഗ്യമായ റോഡ് ഉണ്ട്. മറ്റു പദ്ധതികൾ നിലവിൽ ഇല്ല. |
| (ബി) | പ്രസ്തുത കോളനിയിൽ കുടിവെള്ളവും യാത്ര സൗകര്യവും ലഭ്യമാക്കുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിലവിൽ പദ്ധതികൾ ഇല്ല. എന്നാൽ കുടിവെള്ളത്തിനായി എം.പി.ലാഡിൽ തുക അനുവദിച്ചിരുന്നു. എം.പി.ഫണ്ടിന്റെ പരിമിതി മൂലം പദ്ധതി പ്രവൃത്തി ആരംഭിച്ചിട്ടില്ല. കോളനിയിൽ യാത്രാസൗകര്യത്തിനുവേണ്ടി ഗതാഗതയോഗ്യമായ റോഡ് ഉണ്ട്. മറ്റു പദ്ധതികൾ നിലവിൽ ഇല്ല. |
| (സി) | കോളനിയിലെ എത്ര ഗുണഭോക്താക്കൾക്കാണ് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനസഹായം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | 13 ഗുണഭോക്താക്കൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളിൽ ധനസഹായം നൽകിയിട്ടുണ്ട്. |
| (ഡി) | കോളനിയുടെ ഒരു ഭാഗം മഴക്കാലത്ത് വെള്ളത്തിനടിയിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരഘട്ടങ്ങളിൽ വീടുകളിൽ നിന്നും ആളുകളെ മാറ്റിപാർപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ കോളനിക്കടുത്തുള്ള ശാന്തി നഗറിൽ ഒരു പ്രൈവറ്റ് ഹോസ്റ്റലിൽ ആളുകളെ മാറ്റിപ്പാർപ്പിക്കുന്നുണ്ട്. ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ